**ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം**
തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

---

## പത്രക്കുറിപ്പ്

സംസ്ഥാനത്തെ ഹോട്ടൽ/റെസ്റ്റാറൻറ് നടത്തുന്ന വ്യാപാരികൾ അവരുടെ സ്ഥാപനങ്ങളിലേക്ക് ഭക്ഷണം തയ്യാറാക്കുന്നതിന് ആവശ്യമായ മത്സ്യം, മാംസം മുതലായവ ഫുഡ് സേഫ്റ്റി ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ മാത്രമേ വാങ്ങുവാൻ പാടുള്ളൂ. ഇത്തരം വിതരണക്കാരുടെ ഒരു രജിസ്റ്റർ ഹോട്ടലുകളിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്ററിൽ വാങ്ങുന്ന സാധനത്തിൻെറ പേരു വിവരവും, വിതരണം ചെയ്ത തീയതിയും വിതരണം ചെയ്ത വ്യക്തി/സ്ഥാപനത്തിൻെറ പേരും മേൽവിലാസവും കർശനമായും രേഖപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ ഈ രജിസ്റ്റർ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തട്ടുകടകളിലും ഹോട്ടലുകളിലും ഫാസ്റ്റ് ഫുഡ് സെൻററുകളിലും പ്ലാസ്റ്റിക് കവറോടു കൂടി പാൽ ചൂടാക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇത് ആരോഗ്യത്തിന് ഹാനികരവും നിയമവിരുദ്ധവുമാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്നവർ ക്കെതിരെ ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഫൈൻ ചുമത്താനും തീരുമാനിച്ചിട്ടുണ്ട്.

ബിജു പ്രഭാകർ ഐ.എ.എസ്
ഭക്ഷ്യസുരക്ഷാ കമ്മീഷണർ